## 1009

എൻപ്രിയരക്ഷകനേ! നിന്നെ കാണ്മാൻ വാഞ്ഛയാൽ കാത്തിടുന്നു
ഹാ! എന്റെ പ്രിയന്റെ പ്രേമത്തെ ഓർക്കുമ്പോൾ
ഹാ! എനിക്കാനന്ദം തിങ്ങുന്നു മാനസേ

1 താതൻ വലഭാഗത്തിലെനിക്കായി രാജ്യമൊരുക്കിടുവാൻ
നീ പോയിട്ടെത്ര നാളായ് ആശയോടു കാത്തു ഞാൻ പാർത്തിടുന്നു
എന്നെ നിന്നിമ്പമാം രാജ്യത്തിൽ ചേർക്കുവാൻ
എന്നു നീ വന്നിടും എന്നാശ തീർത്തിടും-

2 വാട്ടം മാലിന്യമില്ലാത്തവകാശം പ്രാപിപ്പാൻ തൻ സഭയെ
വാനിലെടുത്തിടുവാൻ തന്നോടു കൂടൊന്നിച്ചിരുത്തിടുവാൻ
വേഗം നീ വന്നിടാമെന്നുര ചെയ്തിട്ടു
താമസമെന്തഹോ ആനന്ദവല്ലഭാ?-

3 ഞാൻ നിന്നെ ധ്യാനിക്കുമ്പോൾ മനോഹരം എങ്ങനെ വർണ്ണിച്ചിടാം
വെണ്മയോടു ചുവപ്പും കലർന്നുള്ളോൻ ലക്ഷങ്ങളിലുത്തമൻ
നീ മഹാ സുന്ദരൻ ആഗ്രഹിക്കത്തക്കോൻ
നീ മതിയേ എനിക്കെന്നേക്കും നിശ്ചയം-

4 പ്രേമം നിന്നോടധികം തോന്നുമാറെൻ നാവു രുചിച്ചിടുന്നു
നാമമതി മധുരം തേൻകട്ടയെക്കാളുമതി മധുരം
നീ എന്റെ രക്ഷകൻ വീടെടുത്തോനെന്നെ
നീ എനിക്കുള്ളവൻ ഞാൻ നിനക്കുള്ളവൻ- **P.V.T.**